(സി) ഗസ്റ്റ്ഹൗസ് കം ഹോട്ടൽ പണിയുന്നതിന് ഈ സ്ഥലം കെ.ടി.ഡി.സി.ക്ക് 1998-99 വർഷത്തെ പാട്ടത്തിന് കൈമാറാനാണ് 18-6-2003-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) സർക്കാർ നിയന്ത്രണത്തിൽ ഈ സ്ഥലത്ത് സാംസ്ക്കാരിക കേന്ദ്രവും ഗസ്റ്റ്ഹൗസും നിർമ്മിച്ചാൽ മതിയെന്ന് 19-6-2002-ൽ കൂടിയ മന്ത്രിസഭായോഗം നിർദ്ദേശിച്ചതിന്റെ വെളിച്ചത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

(ഇ) ഇല്ല.

(എഫ്) സർക്കാർ നിയന്ത്രണത്തിൽ ഈ സ്ഥലത്ത് സാംസ്കാരിക നിലയവും ഗസ്റ്റ്ഹൗസും നിർമ്മിക്കാൻ നിർദ്ദേശം കൊണ്ടുവരണമെന്ന് മന്ത്രിസഭ തീരുമാനിച്ചതിനാൽ 18-6-1998-ലെ ഉത്തരവു പ്രകാരമുള്ള സ്ഥലകൈമാറ്റം നടന്നിട്ടില്ല. ഈ സ്ഥലത്തിന്റെ വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരികയാണ്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപം നൽകിയിട്ടുള്ള ബോധവൽക്കരണ പരിപാടികൾ

12 (2114) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ വർഷം എന്തെല്ലാം ബോധവൽക്കരണ പരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള ബാക്ക്ഗ്രൗണ്ട് മെറ്റീരിയലുകളുടെ ഓരോ പ്രതിവീതം ലഭ്യമാക്കുമോ ;

(സി) ഇവയോരോന്നിന്റെയും എത്ര പ്രതി വീതമാണ് പ്രസിദ്ധപ്പെടുത്തിയതെന്നും ഇവയ്ക്കായി ആകെ എന്തുതുക ചിലവായി എന്നും വ്യക്തമാക്കുമോ ;

(ഡി) ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾക്കായി തെരഞ്ഞെടുത്ത സന്നദ്ധസംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ ഈ വർഷം കാലതാമസമുണ്ടായതിന് കാരണമെന്താണെന്നുകൂടി വ്യക്തമാക്കുമോ ; സാമ്പത്തിക സഹായത്തിന് കാലതാമസം നേരിടുന്നതിലൂടെ പരിപാടികളുടെ നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മ വിലയിരുത്തിയിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കുമോ ;

(ഇ) അനർഹമായ കടലാസ് സംഘടനകൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ സാമ്പത്തിക സഹായം നൽകുന്നുവെന്ന പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബോധവൽക്കരണത്തിനായി സംഘടനകളെ തെരഞ്ഞെടുക്കുന്നത് കൂടുതൽ സുതാര്യമാക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നുകൂടി വ്യക്തമാക്കുമോ ;

(ജി) ഈ വർഷം അപേക്ഷ ക്ഷണിച്ചതിൽ എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിച്ചുവോ എന്നുകൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ ശാസ്ത്രദിനം 2003, ദേശീയ സാങ്കേതിക വിദ്യാദിനം 2003, ലോക പരിസ്ഥിതി ദിനം, ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടി തുടങ്ങിയവ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ ലേഖനസമാഹാരം ഇതൊടൊപ്പം വച്ചിട്ടുണ്ട്. ലോക പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് തയ്യാറാക്കിയ സമാഹാരത്തിന്റെ കരട് രേഖ പ്രിന്റിംഗിലാണ്.

(സി) ശാസ്ത്രദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ ലേഖന സമാഹാരത്തിന്റെ 750 പ്രതികൾക്ക് 23,819 രൂപ ചെലവായിട്ടുണ്ട്.

(ഡി) ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾക്കായി 2002-2003 വർഷത്തേക്ക് കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിൽ നിന്നും അനുവദിക്കപ്പെട്ട തുക നാളിതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തിക സഹായം നൽകുന്നതിൽ കാലതാമസം നേരിടുന്നു. എന്നാൽ സാമ്പത്തിക സഹായം നൽകുന്നതിനായി കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം തെരഞ്ഞെടുത്തിട്ടുള്ള സംഘടനകൾക്ക് പദ്ധതി നടപ്പിലാക്കാനുള്ള ഉത്തരവ് സംസ്ഥാന സർക്കാർ നൽകിക്കഴിഞ്ഞിട്ടുള്ളതിനാൽ പരിപാടികളുടെ നിർവ്വഹണത്തിൽ പോരായ്മകൾ ഉള്ളതായി കരുതുന്നില്ല.

(ഇ) വ്യക്തമായ പരാതി ലഭിച്ചാൽ സംസ്ഥാന സർക്കാരിന് കഴിയുന്ന നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയത്തെ അറിയിക്കുന്നതുമാണ്.

(എഫ്) കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സംഘടനകളെ അന്തിമമായി തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയം ആയതിനാൽ മറ്റു നടപടികൾ ആവശ്യമില്ല.

(ജി) സാങ്കേതിക ദിനാചരണത്തോടനുബന്ധിച്ച് അപേക്ഷ ക്ഷണിച്ച അവസരത്തിൽ ഹർത്താൽ കാരണം എല്ലാ ജില്ലകളിലും അപേക്ഷാ ഫാറത്തിന്റെ മാതൃക ലഭ്യമായില്ല എന്ന പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി പരമാവധി ദീർഘിപ്പിച്ച് പരാതി പരിഹരിച്ചു. മറ്റൊരു പാകപ്പിഴയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

346/13

LIBRARY ARCHIVES Kerala Legislative Assembly